**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4219** **28-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ ഇൻകൽ മുഖേനയുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇൻകൽ മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഇൻകെൽ മുഖേന ആലപ്പുഴ മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. പൊതു വിദ്യാഭാസ വകുപ്പ് • കക്കാഴം സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. • നാലുചിറ സ്കൂളിന്റെ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിക്കാനുണ്ടായ കാലതാമസം കാരണം ഇപ്പോൾ റീ ടെൻഡർ ചെയ്തിരിക്കുകയാണ്. ആരോഗ്യ വകുപ്പ് മാവേലിക്കര ജില്ലാ ഹോസ്പിറ്റൽ നിർമ്മാണത്തിനുള്ള കരാർ നൽകി കഴിഞ്ഞു. ടെസ്റ്റ് പൈലിങ് നടത്തിയിട്ടുണ്ട്. ഗതാഗത വകുപ്പ് ആലപ്പുഴ മൊബിലിറ്റി ഹബ് - കെ.എസ്.ആർ.ടി.സി യുടെ ആലപ്പുഴ ഗ്യാരേജിലെ ഒരു ഷെഡ് മാത്രം പൊളിച്ചു നീക്കി അവിടെ ടെസ്റ്റ് പൈലിങ് കഴിഞ്ഞു. കലവൂരിൽ നിർമ്മിക്കുന്ന താല്കാലിക ഗ്യാരേജിന്റെ പണി പുരോഗതിയിലാണ്. ഇത് പൂർത്തിയാകുമ്പോൾ ഗ്യാരേജ് മാറ്റി സ്ഥാപിച്ചതിനു ശേഷം നിലവിലെ കെട്ടിടങ്ങൾ നീക്കി പദ്ധതിയുടെ പണികൾ പൂർണ്ണതോതിൽ നടത്തുന്നതാണ്. ട്രഷറി വകുപ്പ് മാന്നാർ, മുതുകുളം എന്നിവിടങ്ങളിൽ സബ്ട്രഷറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിനോദസഞ്ചാര വകുപ്പ് ആലപ്പുഴ ഹെറിറ്റേജ് പ്രൊജക്റ്റ് - നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പുതുക്കിപ്പണിയുക, പഴയ കെട്ടിടങ്ങൾ മോടിപിടിപ്പിക്കുക, ചരിത്ര പ്രാധാന്യമുള്ളവയെ മ്യൂസിയങ്ങളായി പുനർനിർമ്മിക്കുക എന്നിവയും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കടൽപ്പാല നിർമ്മാണവും ഈ പദ്ധതിയുടെ ഭാഗമാണ്. ഇവയെല്ലാം നിലവിലുള്ള ഭംഗി നിലനിർത്തി ചെയ്യുന്നത് കാരണം സാധാരണയിൽ കൂടുതൽ സമയം ആവശ്യമായി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ